"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ട പാരിപ്പള്ളിയിലുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ മുൻ ഭാഗത്തുള്ള ചുറ്റുമതിൽ ഉൾപ്പെടെയുള്ള സ്ഥലം ദേശീയപാത വികസനത്തിനായി പൊളിച്ച് മാറ്റിയ ഇനത്തിലുള്ള നഷ്ടപരിഹാരത്തുക കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1043/2025/LSGD തീയതി,തിരുവനന്തപുരം, 25-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 237/2021/ ആർഡി തീയതി23/11/2021
2. സ.ഉ.(സാധാ) നം. 232/2022/ ധന തീയതി 12/01/2022
3. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ) എൻ എച്ച് & കോമ്പിറ്റന്റ് അതോറിറ്റിയുടെ 19.07.2023-ലെ എ1-2458/2023 നമ്പർ നടപടിക്രമം
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2024 ലെ LSGD/PD/17796/2024-REV6 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ട പാരിപ്പള്ളിയിലുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ മുൻ ഭാഗത്തുള്ള ചുറ്റുമതിൽ ഉൾപ്പെടെയുള്ള സ്ഥലം ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തതുവഴി പരാമർശം (1 & 2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരമായി അനുവദിച്ച 28,71,511/- രൂപ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & കോംപീറ്റന്റ് അതോറിറ്റി കൊല്ലം & പ്രൊജക്റ്റ് ഡയറക്ടർ, നാഷണൽ ഹൈവേ ഓഫ് ഇന്ത്യ തിരുവനന്തപുരം എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ പരാമർശം (3) ലെ നടപടിക്രമം പ്രകാരം അനുവദിച്ച തുക കൊല്ലം ജില്ലാ ട്രഷറിയിൽ 0075-00-105-98 എന്ന ശീർഷകത്തിൽ ട്രാൻസ്ഫർ ചെയ്ത് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത തുക കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമേഖല/ തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പിതര സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി വികസന ആവശ്യങ്ങൾക്കു ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന നഷ്ടപരിഹാരം സർക്കാരിലേക്കു തന്നെ ഒടുക്കുന്നതിനു വേണ്ടിയാണു '0075-00-105-98-എയർപോർട്ട്, റെയിൽവേ, എൻഎച്ച്,

കേരളത്തിലെ മറ്റ് പൊതു പദ്ധതികൾ തുടങ്ങിയ വിവിധ പ്രോജക്ടുകൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഫലമായി ലഭിച്ച നഷ്ടപരിഹാരം' എന്ന ശീർഷകം തുറന്നിട്ടുള്ളത്. പരാമർശം (1&2) പ്രകാരം ദേശീയപാത വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഉടമസ്ഥതയിൽപെട്ട പാരിപ്പള്ളിയിലുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ മുൻ ഭാഗത്തുള്ള ചുറ്റുമതിൽ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത ഇനത്തിൽ നഷ്ടപരിഹാര തുകയായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ എ) എൻ എച്ച് & കോമ്പിറ്റന്റ് അതോറിറ്റി 0075-00-105-98 Compensation for land acquisition' എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്ത **28,71,511/- രൂപ (ഇരുപത്തെട്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അഞ്ഞൂറ്റിപതിനൊന്ന് രൂപ മാത്രം**) ചവറ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഡി.ഡി.ഒ. ആയ തദ്ദേശസ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും , ടി ആവശ്യത്തിന് ട്രഷറി റീഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനു ഒടുക്കിവരുത്തിയ തുകയുടെ വിശദാംശം , ഉത്തരവ് സഹിതം ട്രഷറിയെ സമീപിക്കേണ്ടതും, ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ട് ബിൽ എടുത്തു ട്രഷറിയിൽ സമർപ്പിച്ച് തുക കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന് റീഫണ്ട് ചെയ്യെടുക്കാവുന്നതുമാണെന്ന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 26-04-2025 10:43:43
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (E-2802959/DEV-3/83/2024-FIN)
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/109/2025/എൽ.എസ്.ജി ഡി)